## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 397** **09.02.2016-ൽ മറുപടിയ്ക്ക്**

# കെ. എസ്. ഇ. ബി. - ആസ്തി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) നിലവിൽ കെ. എസ്. ഇ. ബി. യുടെ ശരാശരി പ്രതിമാസ വരവ് ചെലവ് കണക്കുകൾ വ്യക്തമാക്കുമോ ; | (എ) കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ 2015-16 സാമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തെ താത്കാലിക കണക്കെടുപ്പ പ്രകാരം,<br>പ്രതിമാസ ശരാശരി വരവ് - ₹867.74 കോടി<br>പ്രതിമാസ ശരാശരി ചെലവ് - ₹974.43 കോടി |
| (ബി) കെ. എസ്. ഇ. ബി. യ്ക്ക് 31-03-2011-ലെ കണക്കു പ്രകാരമുള്ള കടബാധ്യത എത്ര ; ആയത് 2015-16-ൽ എത്ര ; പ്രസ്തുത കടബാധ്യത വർദ്ധിക്കാനുണ്ടായ കാരണം എന്താണെന്നും ആയത് തടയുവാൻ എന്തു നടപടി വകുപ്പ് നാളിതുവരെ സ്വീകരിച്ചു വെന്നും വ്യക്തമാക്കുമോ ; | (ബി) കെ.എസ്.ഇ.ബി ലിമിറ്റഡിന് 31.03.2011-ലെ കണക്ക പ്രകാരമുള്ള കടബാധ്യത ₹1,384.14 കോടിയാണ്. കെ.എസ്.ഇ.ബി-ക്ക് 31.01.2016 പ്രകാരമുള്ള കടബാധ്യത ₹5,626.93 കോടി രൂപയുമാണ്. പദ്ധതി പ്രദേശത്ത് ആവശ്യത്തിന് മഴ ലഭിക്കാത്തതും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൂടി വൈദ്യുതി വിലയ്ക്ക് വാങ്ങുന്നതുമാണ് കടബാദ്ധ്യത വർദ്ധിക്കുന്നതിനുണ്ടായ കാരണം. |
| (സി) പ്രസ്തുത കടബാധ്യത വർദ്ധിച്ചത് തടയുവാൻ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എന്തു നടപടികൾ സ്വീകരിച്ചുവെന്നും കമ്മീഷൻ തുടങ്ങിയതിനു ശേഷം കമ്മീഷന്റെ പ്രവർത്തനത്തിന് നാളിതുവരെ ഓരോ വർഷവും ചിലവായ തുക (ശമ്പളം/മറ്റിനം) എത്ര എന്നും വ്യക്തമാക്കുമോ ; | (സി) ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്ന തിനും കമ്പ്യൂട്ടറൈസേഷൻ പോലെയുള്ള ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു ചെലവുകൾ നിയന്ത്രിക്കുന്നതിനും, കടബാധ്യത പരമാവധി കുറക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിനു പുറമേ 2012-13, 2013-14, 2014-15 വർഷങ്ങളിൽ വൈദ്യുതി നിരക്ക് വർദ്ധന നടപ്പാക്കുകയും ചെയ്യുക വഴി വൈദ്യുതി ബോർഡിന്റെ കടബാധ്യതകൾ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.<br>കമ്മീഷന്റെ പ്രവർത്തനത്തിന് ഓരോ വർഷവും ചെലവായ തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം വൈദ്യുതി ചാർജ്ജ് ഓരോ വിഭാഗത്തിനും വർദ്ധിപ്പിച്ചു വെന്നും ആയതിന്റെ ഫലമായ ബോർഡിന് ലഭിച്ച അധിക | (ഡി) വൈദ്യുതി ചാർജ്ജ് മൂന്നു പ്രാവശ്യം വർദ്ധനവ് വരുത്തിയിട്ടുണ്ട്.<br>01.07.2012 മുതൽ നടപ്പിലായ താരിഫ് പരിഷ്കരണത്തിലൂടെ, 2012-13 സാമ്പത്തിക വർഷത്തിൽ 1257 കോടി രൂപയുടെയും, 01.05.2013 |

| | | |
|---|---|---|
| | വരുമാനം എത്രയെന്നും വ്യക്തമാക്കുമോ ; | മുതൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ, 2013-14 സാമ്പത്തിക വർഷത്തിൽ 589 കോടി രൂപയുടെയും, 16.08.2014 മുതൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ 2014-15 സാമ്പത്തിക വർഷത്തിൽ 667.66 കോടി രൂപയുടെയും അധിക വരുമാനം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. |
| (ഇ) | 31-03-2011-ലെ കണക്കു പ്രകാരമുള്ള കെ. എസ്. ഇ. ബി. യുടെ ആസ്തി എത്രയെന്നും 2015-16-ലെ താല്ക്കാലിക കണക്കുപ്രകാരമുള്ള ആസ്തി എത്രയാണെന്നും വ്യക്തമാക്കുമോ? | (ഇ) 31.03.2011-ലെ കണക്കുപ്രകാരം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെആസ്തി 11,074.76 കോടി രൂപയാണ്.<br>കെ.എസ്.ഇ.ബി ലിമിറ്റഡ് സാമ്പത്തിക വാർഷികാടിസ്ഥാനത്തിലാണ് കണക്കുകൾ തയ്യാറാക്കുന്നത്. 2015-16-ലെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. 2014-15-ലെ താത്കാലിക കണക്കുപ്രകാരം ആസ്തി ₹30,693.14 കോടി (ഇതിൽ ബോർഡിന്റെ ആസ്തി പുനർമൂല്യ നിർണ്ണയത്തിലൂടെ ₹11,988.98 കോടി ഉൾപ്പെടുത്തിയിട്ടുണ്ട്). |

സെക്ഷൻ ഓഫീസർ.

അനുബന്ധം

# Year wise Salary and Non-salary expenses from the inception of the **Kerala State Electricity Regulatory Commission**

| സാമ്പത്തിക വർഷം | | ₹ ശമ്പളം | ₹ ശമ്പളയിതരം |
|---|---|---|---|
| 2002 - 03 | | 294595 | 197183 |
| 2003 - 04 | | 2286473 | 1412249 |
| 2004 - 05 | | 2727214 | 1909014 |
| 2005 - 06 | | 3034221 | 2169285 |
| 2006 - 07 | | 3385891 | 3168551 |
| 2007 - 08 | | 3649430 | 2707391 |
| 2008 - 09 | | 7834547 | 4886707 |
| 2009 - 10 | | 7046095 | 5101290 |
| 2010 - 11 | | 9360543 | 4931935 |
| 2011 - 12 | | 9040383 | 5550284 |
| 2012 - 13 | | 9463267 | 7221961 |
| 2013 - 14 | | 10623065 | 10195796 |
| 2014 - 15 | ** | 9901250 | 7502936 |
| 2015 - 16 | # | 8347087 | 2977289 |
| | | | |

** The data provided for 2014-15 is un-audited.

# The data provided for 2015-16 is provisonal